II ഇ.ബി. XI-കേരള നിയമസഭ/V17

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2003 മാർച്ച് 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരം

(596-ാം നമ്പർ ചോദ്യം ഉന്നയിക്കാൻ ചോദ്യകർത്താക്കളെ ബഹുമാനപ്പെട്ട സ്പീക്കർ വിളിക്കുകയുണ്ടായി. ഈയവസരത്തിൽ അടിയന്തിരപ്രമേയമായി അവതരിപ്പിക്കാൻ നോട്ടീസ് നൽകിയിരുന്ന വിഷയം ചോദ്യോത്തരവേളയിൽ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നു. സാധാരണഗതിയിൽ ചോദ്യോത്തരവേളയിൽ പ്രശ്നങ്ങൾ ഉന്നയിക്കാൻ അനുവദിക്കാറില്ലെന്നും ചോദ്യോത്തരവേള കഴിഞ്ഞതിനുശേഷം ഉന്നയിക്കാൻ അവസരം നൽകാമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു. 596, 597 എന്നീ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്ക് നോട്ടീസ് നൽകിയിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നതിനാൽ ആ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടില്ല. തുടർന്ന് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലേയ്ക്ക് ഇറങ്ങിവന്നു.)

107 (*598) സാംസ്കാരിക കേന്ദ്രങ്ങളുടെ പുനരുദ്ധാരണം

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ.വി. തോമസ്) നൽകിയ മറുപടിയിൽ, സാംസ്കാരിക കേന്ദ്രങ്ങളുടെ ഉന്നമനത്തിന് സംസ്ഥാന സർക്കാർ ഊന്നൽ നൽകിക്കൊണ്ട് ഗോൾഫ് ക്ലബ് (തിരുവനന്തപുരം), പഴശ്ശിരാജാ മ്യൂസിയം (കോഴിക്കോട്), നേപ്പിയർ മ്യൂസിയം (തിരുവനന്തപുരം), മല്ലൂർകടവ് ശിവക്ഷേത്രം – ഭാരതപ്പുഴ, പള്ളത്ത് രാമൻ മെമ്മോറിയൽ, വേളി, ഫോർട്ട് കൊച്ചി, നാലുകെട്ട് (വർക്കല), കൾച്ചറൽ മ്യൂസിയം–ഫോക്ക് തീയേറ്റർ (കണ്ണൂർ), പാലക്കാട് കോട്ട, ശക്തൻ തമ്പുരാൻ കൊട്ടാരവും ഹെറിറ്റേജ് ഗാർഡൻസും ആർക്കിയോളജിക്കൽ പാർക്കും (തൃശൂർ), ശ്രീചിത്തിര ആർട്ട് ഗ്യാലറി (തിരുവനന്തപുരം), ഹിൽ പാലസ് (തൃപ്പൂണിത്തുറ), കോയിക്കൽ കൊട്ടാരം (നെടുമങ്ങാട്) എന്നിവയുടെ പുനരുദ്ധാരണ പണികൾ നടത്തിവരുന്നുവെന്ന് സഭയെ അറിയിച്ചു. കേരളത്തിന് സതേൺ ടൂറിസം സർക്യൂട്ട് എന്ന നിലയ്ക്ക് 2495 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കാലടിയും മലയാറ്റൂരും ഉൾപ്പെടുന്ന പിൽഗ്രിം ടൂറിസത്തിനുള്ള 79 കോടി രൂപയുടെ പ്രോജക്ടിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. ദേശീയ പാതാ സ്റ്റാന്റേർഡിൽ കോട്ടയം–കുമിളി റോഡ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ശബരിമലയുമായി ബന്ധപ്പെട്ട കിഴക്കൻ പ്രദേശങ്ങളിലെ പ്രധാന ടൂറിസ്റ്റുകേന്ദ്രങ്ങളെ യോജിപ്പിച്ചുകൊണ്ട് പുതിയ പാതകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ സഭാ നടപടികൾ തുടർന്നു നടത്താൻ ബുദ്ധിമുട്ടാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു. തുടർന്ന് മുഖ്യമന്ത്രി സാമ്പത്തിക കാര്യങ്ങൾ പൂർത്തിയാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തു.)

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

108 (*601) ‘‘പവർ ഹൈവേ’’

വിദ്യുച്ഛക്തി വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, കൂടംകുളം ആണവോർജ്ജം നിലയത്തോടനുബന്ധിച്ചുള്ള പ്രസരണ മേഖലയുടെ ഭാഗമായി സംസ്ഥാനത്ത് ഒരു പവർഹൈവേയ്ക്ക് രൂപം നൽകിവരുന്നുണ്ടെന്നറിയിച്ചു. ഇത് കേന്ദ്ര വൈദ്യുതി നിലയത്തിൽനിന്നും ലഭിക്കുന്ന വൈദ്യുതി കേരളം മുഴുവനുമായി കാര്യക്ഷമതയോടുകൂടി പ്രസരണം ചെയ്യാനും കേരളത്തിലെ വൈദ്യുതി തടസ്സങ്ങളും പ്രസരണനഷ്ടവും കുറയ്ക്കാനും വോൾട്ടേജും പ്രസരണമേഖലയിലെ പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കാനും സഹായിക്കും.

109 (*610) വിനോദസഞ്ചാര മേഖലയ്ക്ക് ലഭിച്ച അവാർഡുകൾ

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനഗവൺമെന്റിന് വിനോദസഞ്ചാര മേഖലയിലുള്ള മികവിനും സംഭാവനയ്ക്കുമായി PATA Grand Award for Heritage 2001, PATWA International Award for Leisure Tourism, PATA Gold Award for Tourism Marketing2002, PATA Gold Award for CDRom title Green Symphony2002, PATWA Hall of Fame Award to Prof.K.V.Thomas, Minister for Tourism, Government of Kerala –2002 എന്നീ അഞ്ച് അന്താരാഷ്ട്ര അവാർഡുകളും Government of India’s Award for Excellence 20002001, Government of India’s National Tourism Awards 20012002, Outlook TravellerTAAI Award for Excellence being best promoted Travel & Tourism in India –2001, Most Promising New Destination Award 2003 at TTE Nagpur,

Award for Excellence at TTF Bangalore 2002, Award for Excellence at TTF Chennai2002 എന്നീ ആറു ദേശീയ അവാർഡുകളും ലഭിച്ചിട്ടുണ്ടെന്നറിയിച്ചു. സംസ്ഥാന വിനോദസഞ്ചാര വകുപ്പും വിനോദസഞ്ചാര വികസന കോർപ്പറേഷനും 10 അന്തർദേശീയ വിനോദ സഞ്ചാര മേളകളിലും 37 ദേശീയ മേളകളിലും കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

128 (3739) സ്വജൽധാരാ പദ്ധതി

സംസ്ഥാനത്ത് സ്വജൽധാരാ പദ്ധതിക്കായി 501 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

129 (3786) ടൂറിസം വികസനത്തിനായി സ്വകാര്യ ഹോട്ടൽ ഗ്രൂപ്പുകളുമായി ഉണ്ടാക്കിയ ധാരണകൾ

താജ്, ഒബ്റോയി, ലീല, മുത്തൂറ്റ് എന്നീ സ്വകാര്യ ഹോട്ടൽ ഗ്രൂപ്പുകളുമായി സംസ്ഥാന ടൂറിസം വകുപ്പ് ധാരണാ പത്രങ്ങളിൽ ഒപ്പുവച്ചിട്ടുണ്ട്. ടൂറിസം വികസനം ലക്ഷ്യമാക്കി വേളിയിലെ അമ്യൂസ്മെന്റ് പാർക്ക്, റോപ്‌വേ, തെൻമല റിസോർട്ട്, ഫാമിലി എന്റർടെയ്ൻമെന്റ് സെന്റർ, ടൂറിസ്റ്റ് സീസണിൽ കൊച്ചിക്കും മാംഗ്ലൂരിനുമിടയിൽ കട്ടമരം സർവ്വീസ്, ബേക്കലിലെ ടൂറിസം പ്രോജക്ട്, കണ്ണൂർ എയർപോർട്ട്, വാഗമണിലെ ഹോളിസ്റ്റിക് ടൂറിസവും എജ്യൂക്കേഷൻ പ്രോജക്ടും, മുത്തൂറ്റ് എയർപോർട്ട് ഹോട്ടലും കൊച്ചിയിലെ ഫ്ളൈറ്റ് കിച്ചണും, കൊച്ചിയിൽ നിന്നും കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കും ലക്ഷദ്വീപിലേയ്ക്കും എയർടാക്സി സർവ്വീസ് എന്നീ മേഖലകളിലാണ് ജോയിന്റ് വെഞ്ചർ കമ്പനികൾ രൂപീകരിച്ചിട്ടുള്ളത്.

. . . . . . . . . . . .